പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2741 6/11/2019 ൽ മറുപടിക്ക്

## എടവണ്ണ ഹാച്ചറി പ്രവർത്തനം പൂർത്തീകരിക്കാൻ നടപടി

ചോദ്യം
ശ്രീ. പി.കെ.ബഷീർ

മറുപടി
അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | ഏറനാട് മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ച എടവണ്ണ ഹാച്ചറിയുടെ എത്ര തുകയ്ക്കുള്ള ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | എടവണ്ണ ഹാച്ചറിയുടെ കെട്ടിട നിർമ്മാണം, പൗൾട്രി ഷെഡ് നിർമ്മാണം, തീറ്റ സംഭരണ മുറിയുള്ള ഓഫീസ് കെട്ടിട നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം എന്നിവ പൂർത്തീകരിച്ച് വരുന്നു.. ഒന്നും രണ്ടും ഗഡുക്കളായി കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപറേഷന് (കെ.എൽ.ഡി.സി) **67,14,224/-** രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | ഇതിനായി ആർ. കെ. ബി. വൈ. സ്കീം പ്രകാരം എത്ര രൂപ അനുവദിച്ചിരുന്നുവെന്ന് വിശദമാക്കുമോ; | ബി) | 1,00,00,000/- രൂപ |
| സി) | പ്രസ്തുത ഹാച്ചറിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിന് ഇനിയും എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്; അതിനായി എത്ര രൂപ ചെലവ് വരും; അതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | സി) | കെട്ടിടത്തിന്റെ ഫ്ലോർ, ഇലക്ട്രിക്കൽ വയറിംഗ്, ജോലിക്കാരുടെ മുറി, ബാത്ത്റൂം, കെട്ടിടത്തിന്റെ ഡോർ,ഷട്ടർ എന്നിവ പൂർത്തീകരിക്കുവാനും മെഷിനറി സ്ഥാപിക്കുവാനും കിണർ, റോഡ് എന്നിവ നിർമ്മിക്കുവാനുമുണ്ട്. ആയതിന് ഏകദേശം 1,00,00,000/- രൂപ ആവശ്യമാണ്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. |
| ഡി) | എങ്കിൽ ബാക്കി പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ഡി) | മാർച്ച് 2020 |
| ഇ) | പ്രസ്തുത പ്രവൃത്തിക്ക് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഇ) | തടസ്സമില്ല. |

സെക്ഷൻ ഓഫീസർ